ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.10.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. കേരള സന്ദർശനത്തിനെത്തിയ -രാഷ്ട്രപതി ദ്രൗപദി മുർമു ശബരിമലയിൽ ദർശനം നടത്തി.

   President Droupadi Murmu, who is on a visit to Kerala, visited Sabarimala today.

2. രാജ്ഭവനിൽ മുൻ രാഷ്ട്രപതി കെ ആർ നാരായണന്റെ അർദ്ധകായ പ്രതിമ രാഷ്ട്രപതി നാളെ അനാച്ഛാദനം ചെയ്യും. ശിവഗിരിയിൽ ശ്രീനാരായണ ഗുരു സമാധി ശതാബ്ദി ആചരണത്തിൻറെ ഉദ്ഘാടനവും നിർവഹിക്കും.

   The President will unveil the statue of former President K.R.Narayanan at Raj Bhavan tomorrow. She will also inaugurate the Sree Narayana Guru Samadhi centenary celebrations in Sivagiri.

3. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഉന്നത അധികാര സമിതി ലഡാക്കിലെ നേതാക്കളുമായി ന്യൂഡൽഹിയിൽ ചർച്ചനടത്തി.

   The Union Home Ministry's high-powered committee talks with leaders of Ladakh in New Delhi.

4. കേരളം, മണിപ്പൂർ, ത്രിപുര സംസ്ഥാനങ്ങളിൽ മാധ്യമപ്രവർത്തകർക്ക് നേരെ ഉണ്ടായ ആക്രമണങ്ങളിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ട് ദേശീയ മനുഷ്യാവകാശ കമ്മീഷൻ.

The National Human Rights Commission has asked the states to submit a detailed report on the recent attacks on journalists in the states of Kerala, Manipur and Tripura.

5. ഒളിമ്പിക് മെഡൽ ജേതാവും ജാവലിൻത്രോ താരവുമായ നീരജ് ചോപ്രയ്ക്ക് ടെറിട്ടോറിയൽ ആർമിയിൽ ലഫ്റ്റനന്റ് കേണൽ പദവി നൽകി.

Olympic medallist javelin thrower Neeraj Chopra has been conferred the honorary rank of Lieutenant Colonel in the Indian Army.

6. കേരളത്തിൽ അതി ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് . എല്ലാ ജില്ലകളിലും ജാഗ്രത മുന്നറിയിപ്പ്. കേരള- കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

The IMD has said that very heavy rains will continue in Kerala. Alert in all districts. Fishing banned off the coasts of Kerala, Karnataka and Lakshadweep till Sunday.

&&&&&&&&&&&&&&&&&&

## President TVM (INTRO)

കേരള സന്ദർശനത്തിനെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു ശബരിമലയിൽ ദർശനം നടത്തി. പമ്പ ഗണപതിക്ഷേത്രത്തിൽ നിന്ന് ഇരുമുടികെട്ടുനിറച്ച് ഫോർ വീൽ ഡ്രൈവ് ഗൂർഖ എമർജൻസി വാഹനത്തിലാണ് രാഷ്ട്രപതി സന്നിധാനത്തെത്തിയത്. സന്നിധാനത്തെത്തിയ രാഷ്ട്രപതിയെ പൂർണ്ണ കുംഭം നൽകി തന്ത്രി കണ്ഠര് മഹേഷ് മോഹനര് സ്വീകരിച്ചു. മന്ത്രി വി എൻ വാസവൻ, ദേവസ്വം ബോർഡ് പ്രസിഡൻ്റ് പി എസ് പ്രശാന്ത്, തുടങ്ങിയവരും ഒപ്പമുണ്ടായിരുന്നു. ദർശനത്തിന് ശേഷം രാഷ്ട്രപതി തിരുവനന്തപുരത്ത് രാജ്ഭവനിൽ എത്തി.
വിശദാംശങ്ങളിലേക്ക്.....
(വോയിസ്)

&&&&&&&&&&&&&&&&

## President TVM (VOICE)

രാഷ്ട്രപതി നാളെ രാജ്ഭവനിൽ മുൻ രാഷ്ട്രപതി കെ ആർ നാരായണന്റെ അർദ്ധകായ പ്രതിമ അനാച്ഛാദനം ചെയ്യും. തുടർന്ന് ശിവഗിരിയിൽ ശ്രീനാരായണ ഗുരു സമാധി ശതാബ്ദി ആചരണത്തിന്റെ ഉദ്ഘാടനവും ശ്രീമതി മുർമു നിർവഹിക്കും. പാലാ സെന്റ് തോമസ് കോളേജിലെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിലും രാഷ്ട്രപതി നാളെ പങ്കെടുക്കും. മറ്റന്നാൾ എറണാകുളം സെന്റ് തെരേസാസ് കോളേജിലെ ശതാബ്ദി ആഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുത്ത ശേഷം ശ്രീമതി മുർമു ഡൽഹിക്ക് മടങ്ങും. നാലു ദിവസത്തെ കേരള സന്ദർശനത്തിനായി രാഷ്ട്രപതി ഇന്നലെ വൈകുന്നേരമാണ് തിരുവനന്തപുരത്തെത്തിയത്. സന്ദർശനത്തോടനുബന്ധിച്ച് തലസ്ഥാന നഗരിയിൽ കർശന സുരക്ഷ നിലനിൽക്കുകയാണ്. ഇന്നും നാളെയും നഗരത്തിൽ ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്.

ന്യൂസ് ഡെസ്ക് ആകാശവാണി......

&&&&&&&&&&&&&&&

## PREZIDENT – KOTTAYAM

രാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് കോട്ടയം ജില്ലയിലെ സ്കൂളുകളുടെ പ്രവർത്തന സമയത്തിൽ നാളെയും മറ്റന്നാളും മാറ്റം വരുത്തി. ജില്ലയിലെ കേന്ദ്രീയ വിദ്യാലയങ്ങൾ ഉൾപ്പെടെ എല്ലാ സ്കൂളുകളും നാളെ ഉച്ചകഴിഞ്ഞ് മൂന്നിന് മുൻപായി പ്രവർത്തനം അവസാനിപ്പിക്കണം. കോട്ടയം താലൂക്കിലെ എല്ലാ സ്കൂളുകളും വെള്ളിയാഴ്ച രാവിലെ 8.30ന് മുമ്പായി പ്രവർത്തനം ആരംഭിക്കണമെന്നും ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ നിർദേശം നൽകി.

&&&&&&&&&&&&&&&

## HOME MINISTRY – LADAKH

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഉന്നത അധികാര സമിതി ലഡാക്കിലെ നേതാക്കളുമായി ന്യൂഡൽഹിയിൽ

ചർച്ചനടത്തി. ലേയിൽ കഴിഞ്ഞ മാസം ഉണ്ടായ അക്രമസംഭവങ്ങൾക്ക് ശേഷമുള്ള ആദ്യ ചർച്ചയാണിത്. ലഡാക്കിന് സംസ്ഥാനപദവി നൽകുക, ആറാം ഷെഡ്യൂളിൽ ഉൾപ്പെടുത്തുക തുടങ്ങിയവ ചർച്ചയായി.

&&&&&&&&&&&&&&&

## NEERAJ CHOPRA

ഒളിമ്പിക് മെഡൽ ജേതാവും ജാവലിൻത്രോ താരവുമായ നീരജ് ചോപ്രയ്ക്ക് ടെറിട്ടോറിയൽ ആർമിയിൽ ലഫ്റ്റനന്റ് കേണൽ പദവി നൽകി ആദരിച്ചു. രാജ്യരക്ഷാമന്ത്രി രാജ്നാഥ്സിങ്ങും, കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദിയും ചേർന്നാണ് ബഹുമതി കൈമാറിയത്. നീരജ് ചോപ്രയുടെ അച്ചടക്കം, അർപ്പണബോധം തുടങ്ങിയ ആദർശങ്ങൾ വരും തലമുറകൾക്ക് പ്രചോദനമാകുമെന്ന് ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു. 2016 ൽ ഇന്ത്യൻ ആർമിയിൽ ചേർന്ന നീരജ് ചോപ്ര കരസേനയുടെ രജപുത്താന റൈഫിൾസിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&

## NHRC – KERALA – MANIPUR

കേരളം, മണിപ്പൂർ, ത്രിപുര സംസ്ഥാനങ്ങളിൽ മാധ്യമപ്രവർത്തകർക്ക് നേരെ ഉണ്ടായ ആക്രമണങ്ങളിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ദേശീയ മനുഷ്യാവകാശ കമ്മീഷൻ മൂന്ന് സംസ്ഥാനങ്ങളിലേയും ചീഫ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകി. മൂന്നിടങ്ങളിലായി റിപ്പോർട്ട് ചെയ്ത മൂന്ന് വ്യത്യസ്ത സംഭവങ്ങളിൽ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയായിരുന്നു. സംഭവത്തിൽ അന്വേഷത്തിൻറെ നിലവിലെ സ്ഥിതിയും ഇതുവരെ എടുത്ത നടപടികളുടെ വിശദാംശങ്ങൾ ഉൾപ്പെടെ രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് നൽകാൻ പോലീസ് മേധാവിമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

&&&&&&&&&&&&&&&

## BIHAR ELECTION

ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. രണ്ടാം ഘട്ട തിരഞ്ഞെടുപ്പിനായുള്ള നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം നാളെയാണ്. ബിഹാറിൽ ആദ്യ ഘട്ട വോട്ടെടുപ്പ് അടുത്ത മാസം 6-നും, രണ്ടാംഘട്ട വോട്ടെടുപ്പ് 11-നുമാണ് നടക്കുക. നവംബർ 14 നാണ് വോട്ടെണ്ണൽ. വിവിധ രാഷ്ട്രീയ പാർട്ടികളുടെ മുൻനിര നേതാക്കൾ സംസ്ഥാനത്ത് പ്രചാരണ രംഗത്തുണ്ട്.

&&&&&&&&&&&&&&&

## CABINET – KERALA

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ അന്തിമ ലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെട്ട 1,031 പേരിൽ അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ സംസ്ഥാന മന്ത്രിസഭാ തീരുമാനം. 2017 ൽ തയ്യാറാക്കിയ പ്രാഥമിക ലിസ്റ്റിൽ ഉൾപ്പെട്ടതും, അന്തിമ ലിസ്റ്റിൽ നിന്ന് പിന്നീട് ഒഴിവാക്കപ്പെട്ടവരുമായ ദുരിതബാധിതർക്കാണ് ധനസഹായം നൽകുന്നത്. ഭൂരഹിത ഭവനരഹിത പട്ടികയിൽപ്പെട്ട ആലപ്പുഴ ജില്ലയിലെ 50 അതിദരിദ്ര കുടുംബങ്ങൾക്ക് ഫ്ലാറ്റ് അനുവദിക്കാനും മന്ത്രിസഭ തീരുമാനിച്ചു.

&&&&&&&&&&&&&&&

## rajnath singh (intro)

കേന്ദ്ര സേനകളിലും രാജ്യത്തെ സുരക്ഷയിലും വിശ്വാസം വർദ്ധിച്ചതായി രാജ്യരക്ഷാ മന്ത്രി രാജ് നാഥ് സിങ്. ന്യൂഡൽഹിയിൽ ലഫ്റ്റനൻറ് ജനറൽ രാജ് ശുക്ല എഴുതിയ പുസ്തകം പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. യുദ്ധം കേവലം അതിർത്തികളിൽ മാത്രമല്ല നടക്കുന്നതെന്നും മാറികൊണ്ടിരിക്കുന്ന യുദ്ധ രീതികൾക്ക് അനുസൃതമായി ആധുനികവത്കരണം അനിവാര്യമാണെന്നും കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു.

(ഹോൾഡ് വോയ്സ്.........)

&&&&&&&&&&&&&&&

## GOYAL – GERMANY

കേന്ദ്രമന്ത്രി പിയൂഷ് ഗോയലിൻറെ ജർമനി സന്ദർശനത്തിന് നാളെ തുടക്കം. ഇന്ത്യയും ജർമനിയും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തത്തിൻറെ 25-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ, ഈ സന്ദർശനം സുപ്രധാന നാഴികക്കല്ലായിരിക്കുമെന്നാണ് വിലയിരുത്തൽ. ഇരുരാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക-വ്യാവസായിക സഹകരണം ശക്തിപ്പെടുത്തുന്നതിന് ജർമൻ സാമ്പത്തിക കാര്യ മന്ത്രിയുമായി ശ്രീ ഗോയൽ ഉഭയകക്ഷി ചർച്ച നടത്തും.

&&&&&&&&&&&&&&&

## WEATHER – KERALA

കേരളത്തിൽ അതിശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് . ഇന്ന് 10 ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ് . നാളെ 9 ജില്ലകളിലും മറ്റന്നാൾ 5 ജില്ലകളിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട് . കേരള- കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. തമിഴ്നാട്ടിലെ തീരദേശ ജില്ലകളിലും വ്യാപക മഴ തുടരുകയാണ്.

&&&&&&&&&&&&&&&

## KANNUR RAIN (INTRO)

കണ്ണൂർ ജില്ലയിൽ മഴ ശക്തമായി. മലയോര മേഖലയിലാണ് മഴയുടെ കാഠിന്യം കൂടുതൽ.
വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.
(വോയ്സ്)

&&&&&&&&&&&&&&&

## WOMENS CRICKET WORLD CUP

ഐസിസി വനിതാ ലോകകപ്പിൽ ഓസ്ട്രേലിയ ഇംഗ്ലണ്ട് മത്സരം പുരോഗമിക്കുന്നു. ഓസ്ട്രേലിയയ്ക്ക് 245 റൺസ് വിജയലക്ഷ്യം. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ ഇംഗ്ലണ്ട് 9 വിക്കറ്റ് നഷ്ടത്തിൽ 244

റൺസ് നേടി. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഓസീസ് 7 ഓവറിൽ 3 വിക്കറ്റ് നഷ്ടത്തിൽ 30 റൺസ് എന്ന നിലയിലാണ്. ഓസ്ട്രേലിയയും ഇംഗ്ലണ്ടും ഇതിനകം സെമിഫൈനലിന് യോഗ്യത നേടിയിരുന്നു.

&&&&&&&&&&&&&&&

## SCHOOL SPORTS

67 ആമത് സംസ്ഥാന സ്കൂൾ കായികമേളയിൽ ആതിഥേയരായ തിരുവനന്തപുരം ജില്ലയ്ക്ക് മുന്നേറ്റം. ഒടുവിൽ വിവരം ലഭിക്കുമ്പോൾ 73 സ്വർണ്ണവും, 55 വെള്ളിയും, 73 വെങ്കലവും കരസ്ഥമാക്കി 631 പോയിന്റോടെ തിരുവനന്തപുരം പോയിന്റ് പട്ടികയിൽ ഒന്നാം സ്ഥാനത്ത് തുടരുകയാണ്. 376 പോയിന്റുമായി കണ്ണൂർ രണ്ടാം സ്ഥാനത്തും, 284 പോയിന്റുമായി തൃശൂർ മൂന്നാം സ്ഥാനത്തുമാണ്.

&&&&&&&&&&&&&&&

## GST REFORMS- HEALTHCARE

പുതുക്കിയ ജിഎസ്ടി നിരക്കുകൾ ആരോഗ്യ മേഖലയ്ക്ക് ഏറെ ഗുണം ചെയ്യുന്നതായി കേന്ദ്ര സർക്കാർ. കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങളുടെ 36 ജീവൻ രക്ഷാ മരുന്നുകളുടെ ജിഎസ്ടി എടുത്തുമാറ്റി. ബാൻഡ് എയ്ഡ്, ഗ്ലൂക്കോമീറ്റർ, തെർമോ മീറ്റർ ഉൾപ്പെടെയുള്ള മെഡിക്കൽ ഉപകരണങ്ങളുടെ ജിഎസ്ടിയും 12ൽ നിന്നും അഞ്ച് ശതമാനമായി കുറച്ചു.

&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&

## NAVY COMMANDER CONFERENCE

ഇന്ത്യൻ നാവികസേനയുടെ കമാൻഡേർസ് കോൺഫറൻസിന് ന്യൂഡൽഹിയിൽ തുടക്കമായി. രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ്ങ് നാളെ സമ്മേളനത്തെ അഭിസംബോധന ചെയ്യും. ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ കമാൻഡേഴ്സ് കോൺഫറൻസിന് അതീവ പ്രാധാന്യമാണുള്ളത്. സേനാ മേധാവിമാർ, നാവിക കമാൻഡർമാർ തുടങ്ങിയവർ സമ്മേളനത്തെ അഭിസംബോധന ചെയ്യും. കര, നാവിക, വ്യോമ സേനകൾക്കിടയിലെ സംയുക്ത പ്രവർത്തനങ്ങളുടെ സാധ്യതകൾ ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ചകൾ മൂന്ന് ദിവസത്തെ കോൺഫറൻസിൽ നടക്കും.

&&&&&&&&&&&&&&&

## SC EMPLOYMENT

കാഴ്ച വൈകല്യമുള്ളവർക്ക് ജുഡീഷ്യൽ സേവനങ്ങളിൽ തൊഴിൽ നിഷേധിക്കാൻ കഴിയില്ല എന്ന സുപ്രധാന വിധി നടപ്പിലാക്കാൻ സുപ്രീം കോടതി മധ്യപ്രദേശ് ഹൈക്കോടതിക്ക് നാല് മാസത്തെ സമയം അനുവദിച്ചു. സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച് ചട്ടങ്ങൾ അന്തിമമാക്കുന്ന പ്രക്രിയയിലാണെന്ന് മധ്യപ്രദേശ് ഹൈക്കോടതി സുപ്രീം കോടതിയെ അറിയിച്ചിരുന്നു.

&&&&&&&&&&&&&&&

## INDIA- FOREST AREA

വനവിസ്തൃതിയുടെ കാര്യത്തിൽ ആഗോളതലത്തിൽ 9-ാം സ്ഥാനത്തേക്ക് ഉയർന്ന ഇന്ത്യ, പരിസ്ഥിതി സംരക്ഷണത്തിൽ സുപ്രധാന നാഴികക്കല്ല് പിന്നിട്ടു. വനസംരക്ഷണം, പരിസ്ഥിതി പ്രവർത്തനങ്ങൾ എന്നിവ കേന്ദ്രീകരിച്ചുള്ള സർക്കാരിന്റെ നയ പരിപാടികളുടെ വിജയമാണിതെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രി ഭൂപേന്ദർ യാദവ് പറഞ്ഞു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&